"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്ത് മുൻ ക്ലർക്ക് ശ്രീ.മണിയനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1279/2022/LSGD തീയതി,തിരുവനന്തപുരം, 24-05-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 11/10/2018 ലെ ഇ12(പി. ഇ. 6/2018/പി.കെ.ഡി )2794/2018 നമ്പർ റിപ്പോർട്ട്.
2. സർക്കാരിന്റെ 25.02.2019 ലെ ഇപിബി3/264/2018/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ മണിയൻ 4.01.2021 ൽ സമർപ്പിച്ച മറുപടി
4. പഞ്ചായത്ത് ഡയറക്ടറുടെ 01.04.2022-ലെ PAN/5223/2019 – D10 (DP) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ളളിക്കടവിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് അനധികൃതമായി ഫോറസ്ററ് വുഡ് സ്റ്റോക്ക് ചെയ്തതുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം രേഖകൾ ഇല്ലാതെ പഞ്ചായത്ത് അധികൃതർ ശ്രീ. അരുൺഫിലിപ്പ് എന്ന സ്വകാര്യ വ്യക്തിക്ക് ഡി & ഓ ലൈസെൻസ് നൽകി എന്ന ക്രമക്കേടിൽ പഞ്ചായത്ത് അധികൃതർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായി മരം സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്ന ശ്രീ. അരുൺ ഫിലിപ്പ് എന്നിവർക്ക് രേഖകളില്ലാതെ അഗളി ഗ്രാമപഞ്ചായത്ത് ഡി & ഒ ലൈസൻസ് നൽകുന്നതിന് അനുകൂലമായ റിപ്പോർട്ട് നൽകിയ അഗളി ഗ്രാമപഞ്ചായത്ത് ലോവർ ഡിവിഷൻ ക്ലർക്ക് ശ്രീ മണിയനെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി പരാമർശം ( 2 ) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിരുന്നു . പ്രസ്തുത കുറ്റപത്രത്തിനു ടിയാൻ പരാമർശം (3) പ്രകാരം മറുപടി ലഭ്യമാക്കുകയും ആയതിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ടിയാനെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിന് മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്ത് മുൻ ക്ലർക്ക് ശ്രീ മണിയനെതിരെ ചുമത്തിയിട്ടുള്ള

ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് പരാമർശം 1,2, 3 എന്നിവയുടെ പകർപ്പ് സഹിതം
2. ശ്രീ. മണിയൻ, മുൻ ക്ലർക്ക്, അഗളി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5. പ്രസിഡന്റ്/സെക്രട്ടറി, അഗളി ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി 3/264/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 24-05-2022 10:56:37

സെക്ഷൻ ഓഫീസർ